**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1814** **15-03-2022 - ൽ മറുപടിയ്ക്ക്**

**ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കെ.എസ്. ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമാണ നടപടികൾ പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2021 ഡിസംബർ 31-നകം എല്ലാം പണികളും പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാമെന്ന 2021 ജൂണിൽ ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനം നടാപ്പാക്കാനാകാത്ത സാഹചര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ പ്രവർത്തനം താൽക്കാലികമായി പുതിയ കോംപ്ലക്സിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോ; | (സി) | ഫിനിഷിംഗ് പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളവ. യാർഡ് നിർമ്മാണവും ഉൾപ്പെടുത്തുന്നുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ക്രമീകരിച്ചു വരുന്നു. മലപ്പുറം കെ.എസ്. ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് M/s. Malabar Associatesന് Rs. 3,54,54,944/- തുക നൽകിയിട്ടുണ്ട്. |
| (ഡി) | പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ കാലതാമസം കൂടാതെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ ? | (ഡി) | പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ